# I. ആമുഖം

നവകേരള മിഷന്റെ ഭാഗമായി കേരളമൊട്ടാകെ നടക്കുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിന്റെ മുന്നോടിയായി തയ്യാറാക്കിയ സ്കൂൾ സമഗ്ര ഗുണമേൻമാ വിദ്യാലയ വികസന പദ്ധതി രേഖയാണിത്. മികവന്റെ കേന്ദ്രങ്ങളായി വിദ്യാലയം മാറുന്നതിന്റെ മറ്റൊരു മുഖം കൂടി നമുക്കിവിടെ കാണാൻ കഴിയും. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യങ്ങളും പ്രവർത്തന പദ്ധതികളും നടപ്പിലാക്കാൻ ഉതകുന്ന പദ്ധതി രേഖയാണിത്. വിദ്യാഭ്യാസ രംഗത്തിന്റെ ഭൗതിക, അക്കാദമിക, സാംസ്കാരിക ഭാവങ്ങളെ കാലത്തിനനുസരിച്ച് മാറ്റിയെടുക്കേണ്ടതാണ്. വിദ്യാലയങ്ങൾ ശക്തിപ്പെടുത്തുന്നതു വഴി മുഴുവൻ കുട്ടികളേയും പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കുക എന്നത് ഇതിന്റെ ഒരു പ്രധാന ലക്ഷ്യമാണ്. മാറ്റങ്ങൾക്കനുസൃതമായ കരിക്കുലം പരിഷ്കരണമാണ് അക്കാദമിക് മികവിന്റെ ഊന്നൽ..... അതിനാൽ തന്നെ മികവാർന്ന അക്കാദമിക പ്രവർത്തന പദ്ധതികളാണ് ഇതിന്റെ മുഖ്യഘടകം. ജനപ്രതിനിധികളും, തദ്ദേശ ഭരണ സ്ഥാപനങ്ങളും, രക്ഷിതാക്കളും അധ്യാപകരും ഉൾപ്പെടുന്ന വലിയൊരു സമൂഹം തന്നെ ഈ യജ്ഞത്തിന്റെ പങ്കാളികളാണ്.

## II. ലക്ഷ്യങ്ങൾ

* പഠന രീതികൾ ആധുനികമായി പരിഷ്കരിക്കുകയും അതിനനുസരിച്ച് അധ്യാപക പരിശീലനം സംഘടിപ്പിക്കുക.
* 4-ാം ക്ലാസുവരെ ഓരോ ക്ലാസിലെയും കുട്ടികൾ ആർഡ്ജിക്കേണ്ട ശേഷികളും, ധാരണകളും, നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
  - a) പാഠ്യേതര വിഷയങ്ങളിൽ വൈവിധ്യവും ആർജവവും ഉണ്ടാവണം
  - b) സാമൂഹ്യരംഗത്തെ ധാരണ, പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ കൈവരിക്കണം
  - c) ഓരോ കുട്ടിയും ചുരുങ്ങിയത് മൂന്ന് ഭാഷകളിലെങ്കിലും ഭാഷാ ജ്ഞാനവും, ആശയ വിനിമയ ശേഷിയും നേടണം.
* സർഗപരമായ കഴിവുകൾ വികസിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ യെന്ന് ഉറപ്പുവരുത്തുക.
* കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക.
* മാലിന്യ നിർമാർജനം ഒരു സംസ്കാരമായി രൂപപ്പെടുത്തുക.
* വിദ്യാലയം തന്നെ പാഠപുസ്തകം എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുക്കുക.
* സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ നേടുക.
* തനതായൊരു ജനകീയ വിദ്യാഭ്യാസ മാതൃക കേരളത്തിൽ സൃഷ്ടിക്കുക.
* പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യധാരയിലെത്തിക്കുക.
* സ്കൂൾ വായനശാലകളും ലബോറട്ടറികളും ആധുനിക വത്കരിക്കുക.
* വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ ജനകീയ സംവിധാനങ്ങൾ ഒരുക്കുക.
* പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക.
* അധ്യാപക - രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടന കൾ എന്നിവകളുടെ സഹകരണത്തോടെ കാലോചിത വികസനം ഉറപ്പാക്കുക.

# III. വിദ്യാലയ ചരിത്രം ഒരെത്തിനോട്ടം



ഒരു നൂറ്റാണ്ടിനപ്പുറം മലബാറിലെ ഗ്രാമീണരുടെ മിക്കവരുടെയും വരുമാനമാർഗമായ കൃഷിതന്നെയായിരുന്നു ഇരുമ്പുഴിക്കാരും ചെയ്തിരുന്നത്. ദാരിദ്ര്യത്തിലും കാർഷികവൃത്തിക്കുമിടയിലും അന്നത്തെ ദീർഘ വീക്ഷകരായ സുമനസ്സുകൾ അവരാൽ കഴിയും വിധം വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിപോന്നിരുന്നു. മാപ്പിളമാർ ഓത്തുപള്ളികളിൽ നിന്നും എഴുത്തും വായനയും പഠിച്ചിരുന്നു. പുരാതന ഹൈന്ദവ ക്ഷേത്രകലകളും എഴുത്തും വായനയും എഴുത്തുപള്ളിക്കൂടങ്ങളിലൂടെയുമാണ് പഠിപ്പിച്ചിരുന്നത്. പേന്ക്കും പുസ്തകത്തിനും പകരം എഴുത്താണിയും എഴുത്തുപലകയുമാണ് ഉപയോഗിച്ചിരുന്നത്. ഓത്തുപള്ളികളിൽ മൊല്ലയും എഴുത്തുപള്ളിക്കൂടങ്ങളിൽ എഴുത്താശ്ശാനുമായിരുന്നു അധ്യാപകർ.

ഇക്കാലത്തായിരുന്നു ആനക്കയം പഞ്ചായത്തിലെ ഇരുമ്പുഴി വടക്കുമുറി തലാപ്പ് ഭാഗത്ത് കളപ്പുരയിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായ് കൂട്ടായ്മ ഉണ്ടാക്കി. ഗേൾസ് സ്കൂൾ എന്ന് വിളിക്കപ്പെട്ടിരുന്നു. പിന്നീട് 1903കളിൽ ശ്രീ തെക്കേ കീഴ് വീട്ടിൽ ഗോവിന്ദൻ നായർ എയ്ഡഡ് ഹിന്ദു സ്കൂൾ എന്ന പേരിൽ വിദ്യാലയം പണിതു. ഈ വിദ്യാലയത്തിലെ ഏക അദ്ധ്യാപകനും മാനേജറും ഗോവിന്ദൻ നായർ തന്നെയായിരുന്നു. തുടർന്ന് അദ്ദേഹത്തിന്റെ സ്മരണ നിലനിർത്താൻ ഗോവിന്ദ മെമ്മോറിയൽ എ.എൽ.പി. സ്കൂൾ എന്നാക്കി മാറ്റി.

ഇരുമ്പുഴിയുടെയും പാപ്പിനിപ്പാറ ഭാഗങ്ങളിൽ നിന്നുള്ള ഹിന്ദുകുട്ടികൾ ഇവിടെയായിരുന്നു പഠിച്ചിരുന്നത്.

ഇന്ന് ഉന്നതിയിലെത്തിയ ഇരുമ്പുഴിയിലെ പ്രമുഖരെല്ലാം ഈ സ്കൂളിന്റെ സന്തതികളാണ്. തുടർന്ന് ഇരുമ്പുഴിക്ക് ഒരു ഹൈസ്കൂൾ എന്ന ആശയം വന്നപ്പോൾ കൂടുതൽ

പേരെ പട്ടാളത്തിലേക്ക് അയച്ച പ്രദേശം എന്ന നിലയ്ക്ക് ഗോവിന്ദ മെമ്മോറിയൽ സ്കൂൾ പരിഗണിക്കപ്പെട്ടിരുന്നു. സ്ഥല പരിമിതി ഇതിന് വിഘ്നം സൃഷ്ടിച്ചു.

തുടർന്ന് ഗോവിന്ദൻ നായർക്ക് ശേഷം എടത്തൊടി കരുണാകരൻ നായർ ഹെഡ്മാസ്റ്ററും മാനേജറുമായി സേവനമനുഷ്ഠിച്ചു. തുടർന്ന് ശങ്കരൻ മാസ്റ്റർ, നളിനമ്മ, എബ്രഹാം, പ്രസന്ന കുമാരി എന്നിവർ പ്രധാനാധ്യാപകരായി. 1983കളിൽ വിദ്യാലയത്തിൽ അറബിക്ക് പഠനം ആരംഭിച്ചതോടെ എല്ലാവിഭാഗം കുട്ടികളെത്തുകയും ദനകീയ വിദ്യാലയമായി മാറുകയും ചെയ്തു. കെ.എൻ. അലവി മാസ്റ്ററായിരുന്നു ആദ്യ അറബിക് അധ്യാപകൻ.

2009 റിട്ട. എഞ്ചിനീയർ ടി.വി. ഹോജഗോപാൽ മാനേജറായതോടെ സ്കൂളിന്റെ ഭൗതിക പുരോഗതിയിൽ പുതിയ ചുവട് വെപ്പായി. 2010ൽ മുൻ മാനേജറുടെ നാമധേയത്തിൽ കരുണാകരൻ നായർ മെമ്മോറിയൽ പ്രീ സ്കൂൾ ആരംഭിച്ചു. ഇന്ന് ശ്രീമതി പ്രമീള പാലാട്ട് ന്റെ കീഴിൽ മൂന്ന് ക്ലാസുകളിലായി 125ഓളം കുട്ടികൾ പ്രീസ്കൂൾ പഠനം നടത്തുന്നു.



ഇടക്കാലത്ത് ഇംഗ്ലീഷ് മീഡിയം ഡിവിഷനും ആരംഭിച്ചതോടെ സ്ഥലപരിമിതി ആശങ്കയുളവാക്കി. പഴയ കെട്ടിടം പൊളിച്ചു പുതിയ മൂന്നു നില കെട്ടിടം പണികഴിപ്പിച്ചു. 2020 ഹൈടെക് വിദ്യാലയമെന്ന സ്വപ്നത്തോടെ നിരീക്ഷണ ക്യാമറയടക്കമുള്ള ഡിജിറ്റൽ ക്ലാസ് മുറി കൂടി തുടങ്ങി. മാനേജറുടെ ആകസ്മിക വിയോഗം സ്കൂൾ അപ്ഗ്രേഡിങ്ങിന് പൂർണ്ണതയിലെത്തിക്കാൻ കഴിഞ്ഞില്ല. 2017ൽ ടി.വി. രാജഗോപാൽ മെമ്മോറിയൽ സ്റ്റേജ് കം ക്ലാസ്റൂം ഉദ്ഘാടനം ചെയ്തു. സാമൂഹ്യപങ്കാളിത്തത്തോടെ സ്മാട്ട് ക്ലാസ്റൂം പൂർത്തിയാക്കി. കളിസ്ഥലത്തിന്റെ അഭാവം കുട്ടികളുടെ കായിക പുരോഗതിക്ക് ചെറിയ പ്രയാസങ്ങൾ നേരിടുന്നുണ്ട്.

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക
7. ക്ലാസ്സ് തല വായന മൂല ,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക .
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക .

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക .
2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
5. ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

# മലയാളം/പഠനപിന്നാക്കാവസ്ഥ

പ്രവർത്തനം : 1

പേര് : പുസ്തകം എന്റെ ചങ്ങാതി

ഉപമേഖല വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘുവിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (രണ്ട് പുസ്തകം) | മാഷ് | 1000 |

പ്രവർത്തനം : 2

പേര് : എന്റെ പിറന്നാൾ പുസ്തകം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 5000 |

പ്രവർത്തനം : 3

പേര് : ഉച്ചഭാഷിണി വായന

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 4
പേര് : അക്ഷരക്കൂട്ടം (വായനാകോർണർ)
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി | 4000 |

പ്രവർത്തനം : 5
പേര് : സ്കൂൾ ലൈബ്രറി / വീട് ഒരു വായന കൂട്
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ. സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ. പ്രാദേശിക ക്ലബ്ബ്കൾ ഹർഷ ടീച്ചർ | 5000 |

പ്രവർത്തനം : 6
പേര് : ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം : 7**

**പേര് : ക്ലാസ്സ് തല പതിപ്പുകൾ**

**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയവിശേഷങ്ങൾ ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | 1500 |

**പ്രവർത്തനം : 8**

**പേര് : എന്റെ വായനാ കുറിപ്പുകൾ**

**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

**പ്രവർത്തനം : 9**

**പേര് : കയ്യെഴുത്തു മാസികകൾ ,പ്രിന്റഡ് മാഗസിൻ**

**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽ നിന്ന്) | ഓരോ ടേമിലും<br>പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്നു | വിദ്യാരംഗം ഭാഷാക്ലബ്ബ്<br>പരസ്യം വഴി ഫണ്ടിംഗ് | 15000 |

പ്രവർത്തനം : 10

പേര് : **രചനോത്സവം**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്ന തിനുള്ള കഴിവ് നേടുക | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് | 2000 |

പ്രവർത്തനം : 11

പേര് : **സർഗ്ഗവേള**

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. → [illegible] | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

പ്രവർത്തനം : 12

പേര് : ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക

ഉപമേഖല : ആശയഗ്രഹണം /സർഗാത്മക ഡയറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ | ദിവ്യ ടീച്ചർ [illegible] ടീച്ചർ | 3000 |

# ഇംഗ്ലീഷ്

പ്രവർത്തനം : 1

പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾ‌ക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം. | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : 2

പേര് : ഇംഗ്ലീഷ് ഡയറി (3,4ക്ലാസ്സുകളിൽ )

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കു.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

# അറബിക്

**പ്രവർത്തനം : 1**
**പേര് : ലോക ഭാഷ -അറബി ഭാഷ**
**ഉപമേഖല : അടിസ്ഥാന ശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | • പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക.<br>• മുന്നറിവ് പരിശോധിക്കുക<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷാ കളികൾ | രണ്ടുമാസം | അറബി ടീച്ചർ | |

**പ്രവർത്തനം : 2**
**പേര് : അറബി വായനോത്സവം**
**ഉപമേഖല : വായന**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | • വായനാ മത്സരം<br>ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായനാകുറിപ്പുകൾ<br>• അറബിക് പത്രവായന/റേഡിയോ | ജൂൺ - മാർച്ച് | അറബി ടീച്ചർ | |

**പ്രവർത്തനം : 3**
**പേര് : അറബി രചനോത്സവം**
**ഉപമേഖല : ലേഖനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് | • പതിപ്പുകളുടെ നിർമാണം<br>• വായനാകുറിപ്പ് ശേഖരണം<br>• ചുമർപത്രങ്ങൾ, പോസ്റ്ററുകൾ<br>• ഭാഷാകളികൾ | ജൂൺ - മാർച്ച് | അറബി ടീച്ചർ | 2000 |

# ഗണിതം

**പ്രവർത്തനം: 1**
**പേര് : ഗണിത വർക്ക് ഷീറ്റ് ശില്പ ശാല**
**ഉപമേഖല : വർക്ക്ഷീറ്റ് തയ്യാറാക്കൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക. | എല്ലാ ക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റേയും തുടക്കത്തിൽ | SSG | 4000 |

**പ്രവർത്തനം: 2**
**പേര് : ഗണിതലാബ് (ഗണിതമധുരം)**
**ഉപമേഖല : ഗണിത കേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | 2023-24 | സ്കൂൾ മാനേജ്മെന്റ് | 15000 |

**പ്രവർത്തനം: 3**
**പേര് : ഗണിതമൂല**
**ഉപമേഖല : ഗണിത കേളികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്സ് ടീച്ചർ | 2000 |

പ്രവർത്തനം : 4

പേര് : യൂണിറ്റ് വിലയിരുത്തൽ

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി. പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 5

പേര് : ഗണിതക്ലാസ് പി.ടി.എ.

ഉപമേഖല : സി.പി.ടി. എ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W. പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 6

പേര് : ഗണിതം മധുരം

ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്ത് വരെ | ക്ലാസ്സ് ടീച്ചർ | |

# പരിസര പഠനം

**പ്രവർത്തനം : 1**
**പേര് : ശാസ്ത്ര പഠനോപകരണ ശില്പ ശാല**
**ഉപമേഖല : ലാബ് ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങുംവിധം ശില്പശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | 4000 |

**പ്രവർത്തനം : 2**
**പേര് : എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്സ്**
**ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാമാസത്തിലും | ക്ലാസ്സ് ടീച്ചർ | |

**പ്രവർത്തനം : 3**
**പേര് : പരീക്ഷണകിറ്റ്**
**ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാശേഷികളുടെ വളർച്ചക്കിണങ്ങുംവിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും ( 3,4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 3000 |

# പ്രവൃത്തി പരിചയം

**പ്രവർത്തനം : 1**
**പേര് : പ്രവൃത്തി പരിചയശിൽപശാല**
**ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ. നിർമ്മാണം:ചന്ദനത്തിരി, പാവ, ചോക്ക് etc. | സെപ്തംബർ | ക്ലാസ്സ് ടീച്ചർ | 2000 |

**പ്രവർത്തനം : 2**
**പേര് : പേപ്പർ ബാഗ് നിർമാണം**
**ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ് നിർമാണംപരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ - മാർച്ച് | SSG | |

**പ്രവർത്തനം : 3**
**പേര് : ഒറിഗാമി**
**ഉപമേഖല : കരകൗശല പരിശീലനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതര വിഷവുമായി പഠനവുമായി പ്രവൃത്തിപ രിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേർസൺ | 2,000 |

# സർഗ വേദി

പ്രവർത്തനം : 1
പേര് : സർഗവേദി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. കുട്ടികളുടെ സർഗാത്മക കഴിവുകൾ | ആഴ്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ. നേതൃത്വം: വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും | CT SRG | |

പ്രവർത്തനം : 2
പേര് : ടാലെന്റ് ലാബുകൾ
ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം ,ആലാപനം ,ചിത്ര രചന , ക്രാഫ്റ്റ് വർക്ക് , പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG PTA | 3000 |

പ്രവർത്തനം : 3
പേര് : പ്രകടന വേദികൾ
ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കു വെക്കൽ | ജൂൺ - മാർച്ച് | SRG CT | |


പാഠം ഒന്ന്
നല്ല പാഠം
നല്ല മനുഷ്യനാവുക....
ജൂൺ 2 മുതൽ 13 വരെ
2025 ജൂൺ 3
പൊതുകാര്യങ്ങൾ
മയക്കുമരുന്ന് / ലഹരി
ഉപയോഗത്തിനെതിരെ
2025 ജൂൺ 4
റോഡിലൂടെ സഞ്ചരിക്കുമ്പോൾ
ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/
സ്കൂൾവാഹന സഞ്ചാരം അറിയേണ്ട
കാര്യങ്ങൾ, ട്രാഫിക് നിയമങ്ങൾ
2025 ജൂൺ 5
വ്യക്തിശുചിത്വം, പരിസര
ചിത്വം, ഹരിതക്യാമ്പസ്സ്,
സ്കൂൾ സൗന്ദര്യ
വത്ക്കരെണം
2025 ജൂൺ 9
ആരോഗ്യം,
വ്യായാമം, കായിക
ക്ഷമത
2025 ജൂൺ 10
ഡിജിറ്റൽ
അച്ചടക്കം
2025 ജൂൺ 11
പൊതുമുതൽ
സംരക്ഷണം
2025 ജൂൺ 12
പരസ്പര
സഹകരണത്തിന്റെ
പ്രാധാന്യം, റാഗിങ്,
വൈകാരിക
നിയന്ത്രണമില്ലായ്മ
2025 ജൂൺ 13
പൊതു
ക്രോഡീകരണം

## വിദ്യാർത്ഥികൾക്കായുള്ള സുംബ ഡാൻസ് പ്രോഗ്രാമിംഗ്: ഒരു വിശദമായ രൂപരേഖ

Zumba ഒരു നൃത്തവും ഫിറ്റ്നസ്സും ഒരുമിക്കുന്ന വ്യായാമ രൂപമാണ്. ലാറ്റിൻ അമേരിക്കൻ സംഗീതവും നൃത്തചുവടുകളും ഉപയോഗിച്ചുള്ള ഈ വ്യായാമം കുട്ടികൾക്ക് വളരെ രസകരവും ഊർജ്ജസ്വലവുമാണ്. കേരളത്തിലെ സ്കൂളുകളിൽ സുംബ ഡാൻസ് പഠിപ്പിക്കാൻ വിദ്യാഭ്യാസ വകുപ്പ് തയ്യാറെടുക്കുകയാണ്. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് ഈ നീക്കം.

**എന്താണ് സൂംബ?** സുംബ എന്നത് ഒരു നൃത്തം എന്നതിലുപരി ഒരു ഫിറ്റ്നസ് ഫോം ആണ്. ലാറ്റിൻ അമേരിക്കൻ താളങ്ങളായ സൽസ, മെറെംഗെ, കുംബിയ, റെഗ്ഗെറ്റോൺ, ഹിപ്-ഹോപ്പ് തുടങ്ങിയവയുടെ സംയോജനമാണ് സുംബ. ഇതിലെ സ്റ്റെപ്പുകൾ വളരെ ലളിതവും ആർക്കും എളുപ്പത്തിൽ പിന്തുടരാവുന്നതുമാണ്. നൃത്തച്ചുവടുകൾ ചേർക്കുന്നത് വ്യായാമത്തെ മടുപ്പില്ലാതെ രസകരമാക്കാൻ സഹായിക്കുന്നു.

### വിദ്യാർത്ഥികൾക്ക് സുംബയുടെ പ്രാധാന്യം:

- **ശാരീരിക ആരോഗ്യം:**
  - ഹൃദയാരോഗ്യം മെച്ചപ്പെടുത്തുന്നു.
  - പേശികളെ ശക്തിപ്പെടുത്തുകയും ശരീരത്തിന് വഴക്കം നൽകുകയും ചെയ്യുന്നു.
  - ശരീരഭാരം നിയന്ത്രിക്കാൻ സഹായിക്കുന്നു.
  - ഊർജ്ജം വർദ്ധിപ്പിക്കുകയും ദിവസം മുഴുവൻ ഉന്മേഷത്തോടെയിരിക്കാൻ സഹായിക്കുകയും ചെയ്യുന്നു.
  - പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നു.
- **മാനസിക ആരോഗ്യം:**
  - സമ്മർദ്ദം കുറയ്ക്കുന്നു: നൃത്തം എൻഡോർഫിൻ ഹോർമോണുകൾ പുറത്തുവിടാൻ സഹായിക്കുന്നു. ഇത് സന്തോഷം നൽകുകയും മാനസിക പിരിമുറുക്കം കുറയ്ക്കുകയും ചെയ്യുന്നു.
  - ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു: പുതിയ ചുവടുകൾ പഠിക്കുകയും ഒരു ഗ്രൂപ്പിൽ നൃത്തം ചെയ്യുകയും ചെയ്യുന്നത് കുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നു.
  - ഏകാഗ്രതയും ശ്രദ്ധയും മെച്ചപ്പെടുത്തുന്നു: നൃത്തച്ചുവടുകൾ ഓർത്തുവെച്ച് താളത്തിനൊത്ത് നീങ്ങുന്നത് കുട്ടികളുടെ ശ്രദ്ധയും ഏകാഗ്രതയും വർദ്ധിപ്പിക്കാൻ സഹായിക്കും. ഇത് പഠനത്തിലും ഗുണകരമാകും.
  - സർഗ്ഗാത്മകതയെ പ്രോത്സാഹിപ്പിക്കുന്നു: നൃത്തം കുട്ടികളുടെ സർഗ്ഗാത്മകതയെ ഉണർത്തുകയും

സ്വന്തമായി ചലനങ്ങൾ കണ്ടെത്താൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

- **സാമൂഹിക വികസനം:**
  - സഹകരണ മനോഭാവം വളർത്തുന്നു: ഒരു ഗ്രൂപ്പായി നൃത്തം ചെയ്യുമ്പോൾ കുട്ടികൾക്ക് പരസ്പരം സഹകരിക്കാനും ഒരുമിച്ച് പ്രവർത്തിക്കാനും പഠിക്കാൻ സാധിക്കുന്നു.
  - ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നു: കൂട്ടുകാരുമായി ഒരുമിച്ച് നൃത്തം ചെയ്യുന്നത് സാമൂഹിക ബന്ധങ്ങൾ മെച്ചപ്പെടുത്താൻ സഹായിക്കുന്നു.
  - സാമൂഹികവൽക്കരണത്തിന് ഇടം നൽകുന്നു: കളിയിലൂടെയും വ്യായാമത്തിലൂടെയും കുട്ടികൾക്ക് സമൂഹത്തിൽ ഇടപെടാനുള്ള കഴിവ് വർദ്ധിക്കുന്നു.
  - ജീവിത നിപുണതകൾ പഠിക്കുന്നു: കളികളിലൂടെ ജയവും തോൽവിയും തിരിച്ചറിയാനും ജീവിതത്തിലെ പ്രതിസന്ധികളെ നേരിടാനും കുട്ടികളെ സഹായിക്കുന്നു.

1. **ക്ലാസ് ഘടന:**
   - **Warm-up (5-10 മിനിറ്റ്):** പേശികളെ അയയ്ക്കാനും ശരീരത്തെ നൃത്തത്തിനായി തയ്യാറാക്കാനും സഹായിക്കുന്ന ലളിതമായ ചലനങ്ങൾ.
   - **Main Workout (20-40 മിനിറ്റ്):** വിവിധ ലാറ്റിൻ താളങ്ങളിലുള്ള സുംബ ചുവടുകൾ. പാട്ടുകൾ ഇടയ്ക്കിടെ മാറ്റിക്കൊണ്ടിരിക്കണം.
   - **Cool-down (5-10 മിനിറ്റ്):** ശരീരം സാധാരണ നിലയിലാക്കാൻ സഹായിക്കുന്ന സ്ട്രെച്ചിംഗ് വ്യായാമങ്ങൾ.
2. **സംഗീതം:**
   - കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന, ഊർജ്ജസ്വലമായ, പ്രചോദനം നൽകുന്ന സംഗീതം തിരഞ്ഞെടുക്കുക. ലാറ്റിൻ പോപ്പ്, ഹിപ്-ഹോപ്പ്, റെഗ്ഗെറ്റോൺ എന്നിവയെല്ലാം നല്ലതാണ്. പാട്ടുകളിൽ തെറ്റായ വാക്കുകളോ അസ്വാഭാവികമായ ഉള്ളടക്കമോ ഇല്ലെന്ന് ഉറപ്പാക്കണം.
3. **പഠനവും വിനോദവും:**
   - സുംബയെ ഒരു വിനോദമായി കാണാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
   - സമ്മാനങ്ങളും പ്രോത്സാഹനങ്ങളും നൽകി കുട്ടികളെ കൂടുതൽ സജീവമാക്കാൻ ശ്രമിക്കാം.
   - മാതാപിതാക്കളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി സുംബ ഫെസ്റ്റിവലുകൾ നടത്തുന്നത് കുട്ടികൾക്ക് കൂടുതൽ ആവേശം നൽകും.

## സ്കൂൾ മെഗാ ക്വിസ്: പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതി

വിദ്യാഭ്യാസത്തിന്റെ അവിഭാജ്യ ഘടകമാണ് പൊതുവിജ്ഞാനം. പാഠപുസ്തകങ്ങൾക്ക് അപ്പുറമുള്ള ലോകത്തെക്കുറിച്ച് കുട്ടികൾക്ക് അറിവ് നൽകുന്നത് അവരുടെ വ്യക്തിത്വ വികാസത്തിനും ഭാവിക്കും അത്യന്താപേക്ഷിതമാണ്. ഈ ലക്ഷ്യം മുൻനിർത്തി സ്കൂളുകൾക്ക് സംഘടിപ്പിക്കാവുന്ന ഒരു മെഗാ ക്വിസ് പ്രോഗ്രാമിന്റെ വിശദാംശങ്ങൾ ഇതാ:

**ലക്ഷ്യങ്ങൾ:**

- വിദ്യാർത്ഥികളിൽ വായനാശീലം വളർത്തുക.
- പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക.
- മത്സരബുദ്ധിയും കൂട്ടായ്മയും വളർത്തുക.
- അറിവ് നേടുന്നതിൽ താൽപ്പര്യം ജനിപ്പിക്കുക.
- വിവിധ വിഷയങ്ങളെക്കുറിച്ച് ആഴത്തിലുള്ള ധാരണ നൽകുക.
- ഒളിഞ്ഞുകിടക്കുന്ന പ്രതിഭകളെ കണ്ടെത്തുക.

**പങ്കെടുക്കാവുന്നവർ:**

- എല്ലാ ക്ലാസുകളിലെയും വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം..)
- ഓരോ ടീമിലും 2 അല്ലെങ്കിൽ 3 അംഗങ്ങൾ.

**ക്വിസ് ഘടനയും വിഭാഗങ്ങളും:**

പൊതുവിജ്ഞാനം എന്നതിനെ വളരെ വിശാലമായ അർത്ഥത്തിൽ കണ്ടുകൊണ്ട്, വിവിധ വിഷയങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്താം. പ്രധാനമായും താഴെ പറയുന്ന വിഭാഗങ്ങൾ പരിഗണിക്കാം:

1. **പൊതുവിജ്ഞാനം (General Knowledge):**
   - ചരിത്രം (ഇന്ത്യൻ, ലോക ചരിത്രം, കേരള ചരിത്രം)
   - ഭൂമിശാസ്ത്രം (ഇന്ത്യൻ, ലോക ഭൂമിശാസ്ത്രം, കേരള ഭൂമിശാസ്ത്രം)
   - ശാസ്ത്രം (അടിസ്ഥാന ശാസ്ത്രം, സാങ്കേതികവിദ്യ, കണ്ടുപിടുത്തങ്ങൾ)
   - കായികം (ദേശീയ, അന്തർദേശീയ കായികം, കായിക താരങ്ങൾ)
   - കലയും സംസ്കാരവും (നൃത്തം, സംഗീതം, സാഹിത്യം, സിനിമ, ചിത്രകല, വാദ്യോപകരണങ്ങൾ)
   - പ്രധാന ദിവസങ്ങൾ/ദിനാചരണങ്ങൾ.

- പുസ്തകങ്ങളും എഴുത്തുകാരും.
- പുരസ്കാരങ്ങളും ബഹുമതികളും (നോബൽ സമ്മാനം, ഭാരതരത്ന, പത്മ പുരസ്കാരങ്ങൾ, ജ്ഞാനപീഠം, സാഹിത്യ അക്കാദമി അവാർഡുകൾ).

2. **സമകാലിക വിഷയങ്ങൾ (Current Affairs):**
   - ദേശീയ, അന്തർദേശീയ വാർത്തകൾ.
   - രാഷ്ട്രീയം, സാമ്പത്തികം, സാമൂഹിക വിഷയങ്ങൾ.
   - പ്രധാന സംഭവങ്ങൾ, നിയമനിർമ്മാണങ്ങൾ.
   - ശാസ്ത്ര-സാങ്കേതിക രംഗത്തെ പുതിയ മുന്നേറ്റങ്ങൾ.
   - കായിക ലോകത്തെ ഏറ്റവും പുതിയ വിവരങ്ങൾ.
3. **കേരളം (Kerala Special):**
   - കേരള ചരിത്രം, ഭൂമിശാസ്ത്രം, സംസ്കാരം, സാഹിത്യം.
   - പ്രമുഖ വ്യക്തികൾ, സ്ഥലങ്ങൾ.
   - നിലവിലെ രാഷ്ട്രീയ, സാമൂഹിക സ്ഥിതിവിശേഷങ്ങൾ.
4. **ദൃശ്യ-ശ്രാവ്യ ചോദ്യങ്ങൾ (Audio-Visual Round):**
   - ചിത്രങ്ങൾ, വീഡിയോ ക്ലിപ്പുകൾ, ഓഡിയോ ക്ലിപ്പുകൾ എന്നിവയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ. (ഉദാ: വ്യക്തികളെ തിരിച്ചറിയുക, സ്മാരകങ്ങൾ, ചരിത്രപരമായ സംഭവങ്ങൾ, സിനിമ ക്ലിപ്പുകൾ, പ്രമുഖരുടെ ശബ്ദം).
5. **പസിൽ, ലോജിക് ചോദ്യങ്ങൾ (Puzzle & Logic Round):**
   - പ്രഹേളികകൾ, ഗണിത പസിലുകൾ, ചിന്താപരമായ ചോദ്യങ്ങൾ.

**പ്രോഗ്രാമിന്റെ ഘട്ടം ഘട്ടമായുള്ള നടത്തിപ്പ്:**

1. **പ്രാഥമിക ഘട്ടം (Preliminary Round):**
   - എല്ലാ വിദ്യാർത്ഥികൾക്കും പങ്കെടുക്കാൻ അവസരം നൽകുക.
   - മൾട്ടിപ്പിൾ ചോയിസ് ചോദ്യങ്ങൾ (MCQ) അടിസ്ഥാനമാക്കിയുള്ള ഒരു രേഖാമൂലമുള്ള പരീക്ഷയാവാം ഇത്.
   - ഓരോ ക്ലാസ് വിഭാഗത്തിൽ നിന്നും ഉയർന്ന സ്കോർ നേടുന്ന students തിരഞ്ഞെടുക്കുക.
2. **സെമി ഫൈനൽ (Semi-Final Round):**
   - പ്രാഥമിക ഘട്ടത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ടീമുകൾക്ക് വേണ്ടിയുള്ള മത്സരം.
   - കൂടുതൽ വെല്ലുവിളി നിറഞ്ഞ ചോദ്യങ്ങൾ ഉൾപ്പെടുത്താം.
   - വിവിധ റൗണ്ടുകൾ ഉണ്ടാവാം (ഉദാ: ചിത്ര റൗണ്ട്, ഓഡിയോ റൗണ്ട്, ബസർ റൗണ്ട്).
3. **ഗ്രാൻഡ് ഫൈനൽ (Grand Final Round):**
   - സെമി ഫൈനലിൽ നിന്ന് മുന്നേറിയ മികച്ച 4-6 ടീമുകൾ തമ്മിലുള്ള മത്സരം.

- ഒരു വലിയ ഓഡിറ്റോറിയത്തിൽ പ്രേക്ഷകരെ ഉൾപ്പെടുത്തി നടത്തുന്നത് ആവേശം വർദ്ധിപ്പിക്കും.
- ഓരോ റൗണ്ടിനും വ്യത്യസ്ത നിയമങ്ങൾ, പോയിന്റ് സമ്പ്രദായം എന്നിവ നിശ്ചയിക്കുക.
- പ്രേക്ഷകർക്കായി ചോദ്യങ്ങൾ നൽകി സമ്മാനങ്ങൾ നൽകുന്നത് പരിപാടിക്ക് കൂടുതൽ നിറം നൽകും.

**തയ്യാറെടുപ്പുകൾ:**

1. **ക്വിസ് കമ്മിറ്റി രൂപീകരണം:**
   - അദ്ധ്യാപകർ, പി.ടി.എ അംഗങ്ങൾ, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവരുൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കുക.
   - ചോദ്യങ്ങൾ തയ്യാറാക്കുക, നിയമങ്ങൾ രൂപീകരിക്കുക, സമ്മാനങ്ങൾ തീരുമാനിക്കുക തുടങ്ങിയ ചുമതലകൾ ഈ കമ്മിറ്റിക്ക് നൽകാം.
2. **ചോദ്യ ബാങ്ക് തയ്യാറാക്കൽ:**
   - വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി ധാരാളം ചോദ്യങ്ങൾ ശേഖരിക്കുക.
   - ചോദ്യങ്ങളുടെ നിലവാരം വിദ്യാർത്ഥികളുടെ പ്രായത്തിനനുസരിച്ച് ക്രമീകരിക്കുക.
   - വിവിധ മാധ്യമങ്ങളിൽ നിന്ന് (പത്രങ്ങൾ, മാസികകൾ, ഓൺലൈൻ സൈറ്റുകൾ, പുസ്തകങ്ങൾ) വിവരങ്ങൾ ശേഖരിക്കാം.
3. **പ്രചാരണം:**
   - സ്കൂളിൽ ക്വിസ് മത്സരത്തെക്കുറിച്ച് അറിയിപ്പുകൾ നൽകുക.
   - പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ ഉപയോഗിച്ച് പ്രചാരണം നടത്തുക.
   - വിദ്യാർത്ഥികളെയും മാതാപിതാക്കളെയും മത്സരത്തിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുക.
4. **സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും:**
   - വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും നൽകുക.
   - പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും പങ്കാളിത്ത സർട്ടിഫിക്കറ്റുകൾ നൽകുന്നത് നല്ലതാണ്.
5. **സാങ്കേതിക സഹായം:**
   - ഓഡിയോ, വീഡിയോ ഉപകരണങ്ങൾ, പ്രൊജക്ടർ, മൈക്ക് എന്നിവയുടെ ലഭ്യത ഉറപ്പാക്കുക.
   - സ്കോറിംഗ് സംവിധാനം (മാനുവൽ അല്ലെങ്കിൽ ഡിജിറ്റൽ) സജ്ജീകരിക്കുക.

**പ്രയോജനങ്ങൾ:**

- **പഠനം ഒരു വിനോദമാക്കുന്നു**: ക്വിസ് മത്സരം അറിവ് നേടുന്നതിനെ ഒരു വിരസമായ പ്രക്രിയയിൽ നിന്ന് രസകരമായ അനുഭവമാക്കി മാറ്റുന്നു.
- **ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു**: മത്സരങ്ങളിൽ പങ്കെടുക്കുന്നതും വിജയിക്കുന്നതും കുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നു.
- **ഗവേഷണ താല്പര്യം**: ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കുമ്പോൾ വിദ്യാർത്ഥികളിൽ ഗവേഷണ താല്പര്യം വർദ്ധിക്കുന്നു.
- **ടീം വർക്ക്**: ടീമായി പങ്കെടുക്കുന്നത് സഹകരണ മനോഭാവവും ആശയവിനിമയ കഴിവുകളും മെച്ചപ്പെടുത്തുന്നു.
- **പൊതുവിജ്ഞാനം**: വിദ്യാർത്ഥികൾക്ക് ലോകത്തെക്കുറിച്ചും ചുറ്റുമുള്ള കാര്യങ്ങളെക്കുറിച്ചുമുള്ള അറിവ് വർദ്ധിക്കുന്നു. ഇത് അവരുടെ പഠനത്തിൽ മാത്രമല്ല, ഭാവിയിലെ മത്സര പരീക്ഷകളിലും സഹായകമാകും.

ഒരു മെഗാ ക്വിസ് മത്സരം സ്കൂൾ വിദ്യാർത്ഥികൾക്ക് അറിവ് നേടാനുള്ള മികച്ച ഒരു വേദിയാണ്. ഇത് കുട്ടികളുടെ പഠനത്തെയും വ്യക്തിഗത വളർച്ചയെയും നല്ല രീതിയിൽ സ്വാധീനിക്കും.

## അനക്കയം പഞ്ചായത്ത് സംഘടിപ്പിക്കുന്ന കുട്ടികളുടെ അത്‌ലറ്റിക്സ് പരിപാടി

**ലക്ഷ്യം:**

- കുട്ടികളിൽ അത്‌ലറ്റിക്സ് കഴിവും താൽപ്പര്യവും വളർത്തുക.
- കായികക്ഷമതയും ആരോഗ്യവും പ്രോത്സാഹിപ്പിക്കുക.
- പുതിയ കായിക താരങ്ങളെ കണ്ടെത്തി പരിശീലിപ്പിക്കുക.
- കായികരംഗത്ത് ഒരു പുതിയ തലമുറയെ വാർത്തെടുക്കുക.
- ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികളെ കായിക വിനോദങ്ങളിലേക്ക് ആകർഷിക്കുക.

**പങ്കെടുക്കുന്നവർ:**

- അനക്കയം പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള കുട്ടികൾക്ക് പങ്കെടുക്കാൻ അവസരം നൽകുന്നു.
- പ്രായപരിധി അനുസരിച്ച് ജൂനിയർ, സബ്-ജൂനിയർ, സീനിയർ വിഭാഗങ്ങളായി തിരിച്ചായിരിക്കും മത്സരങ്ങൾ.

**നടത്തിപ്പ്:**

- പഞ്ചായത്തിന്റെ കായിക വകുപ്പോ
- വിദഗ്ദ്ധരായ അത്‌ലറ്റിക്സ് പരിശീലകർ മത്സരങ്ങൾ നിയന്ത്രിക്കുകയും കുട്ടികൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും.
- വിജയികൾക്ക് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും നൽകി പ്രോത്സാഹിപ്പിക്കും.
- മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന കുട്ടികൾക്ക് കൂടുതൽ പരിശീലനം നൽകി ഉയർന്ന തലങ്ങളിലേക്ക് എത്തിക്കാനുള്ള സാധ്യതകളും ഉണ്ട

**പ്രയോജനങ്ങൾ:**

- കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നു.
- കായികപരമായ കഴിവുകൾ വികസിപ്പിക്കുന്നു.
- ടീം വർക്ക്, നേതൃത്വഗുണങ്ങൾ എന്നിവ വളർത്താൻ സഹായിക്കുന്നു.
- മത്സരങ്ങളിൽ പങ്കെടുക്കുന്നതിലൂടെ ആത്മവിശ്വാസം വർദ്ധിക്കുന്നു.
- ലഹരി ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റി നിർത്താൻ സഹായിക്കുന്നു.